# 13-ാം കേരള നിയമസഭ

**10-ാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T535**
**07.01.2014 ലെ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച വിശദ വിവരങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) 01.04.2013 മുതൽ സർവ്വീസിൽ കയറിയ ജീവനക്കാർക്ക് ഏതു പെൻഷൻ പദ്ധതിയാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | 01.04.2013 മുതൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാണ്. |
| (ബി) പ്രസ്തുത തീയതി മുതൽ സർക്കാർ സർവ്വീസിൽ എത്ര ജീവനക്കാർ പുതുതായി നിയമനം നേടിയിട്ടുണ്ട് ;<br>(സി) പ്രസ്തുത ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി ബാധകമാണോ; ഇവരിൽ നിന്ന് പെൻഷൻ ഫണ്ടിലേക്ക് തുക പിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം; പ്രസ്തുത തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത്; സംസ്ഥാന ട്രഷറിയെ ഫണ്ട് മാനേജരായി നിശ്ചയിച്ചിട്ടുണ്ടോ; | 01.04.2013 മുതൽ നാളിതു വരെ ഏകദേശം പതിനായിരം ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. ഇതിൽ സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ളവർ ഒഴികെയുള്ള ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നു. ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും തുകയുടെ 10% -ഉം തത്തുല്യമായ സർക്കാർ വിഹിതവുമാണ് ഫണ്ട് നിക്ഷേപമായി വരുന്നത്. പ്രസ്തുത തുക ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 14.08.2008-ലെ എഫ് നം. 5(88)/2006 പി.ആർ. നം. വിജ്ഞാപന പ്രകാരമുള്ള ഫണ്ടുകളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി നൽകുന്നു) സംസ്ഥാന ട്രഷറിയെ ഫണ്ട് മാനേജരായി നിയമിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. ദേശീയ പെൻഷൻ പദ്ധതിയിലെ സർക്കാർ സെക്യൂരിറ്റി വിഭാഗത്തിൽ സംസ്ഥാന ട്രഷറി നിക്ഷേപങ്ങൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

| | |
|---|---|
| (ഡി) നാളിതുവരെയും തുക പിടിച്ചിട്ടില്ലെങ്കിൽ ഇവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; ജീവനക്കാർ പെൻഷൻ ഫണ്ടിലേയ്ക്ക് തുകയെല്ലാം ഒന്നിച്ച് അടയ്ക്കേണ്ടി വരുമോ; | സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പെൻഷൻ ഫണ്ടിലേയ്ക്ക് ജീവനക്കാരുടെ വിഹിതം ഈടാക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കിയ സംസ്ഥാനങ്ങളിലെല്ലാം അത് വേണ്ട രീതിയിൽ പ്രാവർത്തികമാകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഇല്ല. |
| (എഫ്) പൂർണ്ണമായി സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലനിൽക്കുന്ന സംസ്ഥാനങ്ങൾ ഉണ്ടോ; എങ്കിൽ ഏതൊക്കെയാണ് എന്ന് വിശദമാക്കാമോ; | തൃപുര, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങൾ ഒഴികെ ബാക്കി എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുണ്ട്. |
| (ജി) കോൺട്രിബ്യൂട്ടറി പെൻഷനിൽ മിനിമം പെൻഷൻ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ മാനദണ്ഡം വിശദമാക്കാമോ ? | ദേശീയ പെൻഷൻ പദ്ധതിയിലേയ്ക്കുള്ള നിക്ഷേപത്തിന്റെ തോത് അനുസരിച്ചാണ് പെൻഷൻ തുക നിശ്ചയിക്കപ്പെടുന്നത്. |

Bajaraj

സെക്ഷൻ ഓഫീസർ

To be published in the Gazette of India
Extraordinary Part I -Section 1

Government of India
Ministry of Finance
Department of Economic Affairs

New Delhi, the 14th August, 2008

F. No. 5 (88)/2006 –PR.—

1. In partial modification of this Ministry's Notification No. 5(53)/2002-ECB & PR dated 24th January, 2005, the pattern of investment to be followed by Non-Government Provident Funds, Superannuation Funds and Gratuity Funds shall be as follows, effective from 1st April, 2009:-

| | INVESTMENT PATTERN | Percentage amount to be invested |
|---|---|---|
| (i) | (a) Government securities.[1]<br><br>(b) Other securities[2] the principal whereof and interest whereon is fully and unconditionally guaranteed by the Central Government or any State Government except those covered under (ii) (a) below.<br><br>(c) units of mutual funds set up as dedicated funds for investment in Government securities and regulated by the Securities and Exchange Board of India,<br><br>Provided that the exposure to a mutual fund shall not be more than 5% of the total portfolio at any point of time. | upto 55 |
| (ii) | (a) Debt securities with maturity of not less than three years tenure issued by Bodies Corporate including banks and public financial institutions[3];<br><br>Provided that at least 75% of the investment in this category is made in instruments having an investment grade rating from at least one credit rating agency.<br><br>(b) Term Deposit Receipts of not less than one year duration issued by scheduled commercial banks.<br>Provided that the scheduled commercial banks must meet conditions of<br>(i) continuous profitability for immediately preceding three years;<br>(ii) maintaining a minimum Capital to Risk Weighted Assets Ratio of 9%;<br>(iii) having net non-performing assets of not more than 2% of the net advances;<br>(iv) having a minimum net worth of not less than Rs. 200 crores.<br><br>(c) Rupee Bonds having an outstanding maturity of at least 3 years issued by institutions of the International Bank for Reconstruction and Development, International Finance Corporation and the Asian Development Bank. | upto 40 |
| (iii) | Money market instruments including units of money market mutual funds. | upto 5 |
| (iv) | Shares of companies on which derivatives are available in Bombay Stock Exchange or National Stock Exchange or equity linked schemes of mutual funds regulated by the Securities and Exchange Board of India. | upto 15 |

2. Any moneys received on the maturity of earlier investments reduced by obligatory outgoing shall be invested in accordance with this investment pattern.

---

[1] 'Government Securities' as defined in Section 2(b) of the Securities Contracts (Regulation) Act,1956.
[2] 'Securities' as defined in Section 2(h) of the Securities Contracts (Regulation) Act, 1956.
[3] 'Public Financial Institutions' as specified under Section 4A of the Companies Act, 1956.

Section Officer